പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 808 **14-10-2026-ൽ മറുപടിയ്ക്ക്**

പെരിങ്ങാട് പുഴ പ്രദേശം ഫോറസ്റ്റ് ഡിക്ലറേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) പെരിങ്ങാട് പുഴ പ്രദേശം ഫോറസ്റ്റ് ഡിക്ലറേഷൻ നടത്തുന്നതിനുള്ള സാഹചര്യം എന്തായിരുന്നു;

മറുപടി: 01.01.2021-ന് അന്നത്തെ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും കൃഷി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും ചാലക്കുടി, മണലൂർ, ഒല്ലൂർ എം.എൽ.എമാരും, അന്നത്തെ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, വനംവകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ പെരിങ്ങാട് പുഴ പ്രദേശവും, കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിനായി കേരള വനനിയമം 1961, സെക്ഷൻ 4 പ്രകാരം പ്രാഥമിക റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യാൻ ഐകകണ്ഠ്യേന തീരുമാനിക്കുകയായിരുന്നു.

(ബി) നിലവിലുള്ള ഫോറസ്റ്റ് ഡിക്ലറേഷൻ മൂലം പ്രദേശവാസികൾക്ക് ഉണ്ടാകുന്ന നിയന്ത്രണങ്ങളും പ്രയാസങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

മറുപടി: ഇല്ല.

(സി) നിയമപരവും സാങ്കേതികവുമായ പരിശോധന നടത്തി ആവശ്യമായ പക്ഷം പ്രസ്തുത പ്രദേശത്തെ ഫോറസ്റ്റ് ഡിക്ലറേഷനിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ഡി-നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിക്കുമോ?

മറുപടി: പ്രസ്തുത വിജ്ഞാപനം പിൻവലിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചുവരികയാണെങ്കിലും, WP(C) No. 44840/2024 കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ഇതിന് കോടതിയുടെ മുൻകൂർ അനുമതി അനിവാര്യമാണ്. ആയതിനാൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവുകൾക്ക് വിധേയമായി മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ